**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808** | **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയിട്ടുണ്ട്.<br><br>2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്.<br><br>ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചു വരുന്നു. |
| (ബി) | ഇപ്രകാരം ആരംഭിച്ചിട്ടുള്ള ബജറ്റ് ടൂറിസം പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ഭാഗമായി തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദ |

| | | | |
|---|---|---|---|
| | | | സഞ്ചാര കേന്ദ്രങ്ങളിലേക്കും, പിൽഗ്രിം ടൂറിസം കേന്ദ്രങ്ങളിലേക്കുമുള്ള യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള വകുപ്പുതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കാലതാമസം കൂടാതെ തന്നെ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്കുള്ള യാത്രകൾ ആരംഭിക്കുവാൻ സാധിക്കും. നിലവിലെ ബസ്സുകൾ ഉപയോഗിച്ച് വേളാങ്കണ്ണി, മൂകാംബിക ക്ഷേത്രം പിൽഗ്രിം യാത്രകൾ നടത്തിവരുന്നുണ്ട്. |
| (സി) | ടിക്കറ്റിതര വരുമാനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം നൽകുന്നതിന് ഹൈക്കോടതി ഏർപ്പെടുത്തിയിരുന്ന വിലക്ക് നിലവിൽ മാറിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | ബസുകളിൽ പരസ്യം പതിക്കുന്നതിനെതിരെയുള്ള ബഹു. ഹൈക്കോടതിയുടെ SSCR 20/2021 നമ്പരായ 21/10/2022 & 09/12/2022 തീയതിയിലെ ഉത്തരവിനെതിരെ കെ.എസ്.ആർ.ടി.സി. ബഹു. സുപ്രീം കോടതിയിൽ SLA 43238/2023 കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹു. ഹൈക്കോടതിയുടെ ടി 09/12/2022 തീയതിയിലെ ഉത്തരവ് ബഹു. സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ബഹു. സുപ്രീം കോടതി മുമ്പാകെ കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം പതിക്കുന്നതിനായുള്ള ഒരു സ്കീം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത സ്കീം ബഹു. സുപ്രീം കോടതി സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുള്ളതുമാണ്. ബഹു. ഹൈക്കോടതി ഉത്തരവിൻമേലുള്ള തുടർ നടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ